നവകേരളീയം കുടിശ്ശിക നിവാരണം- **2020**

**Email :** keralarcs.coop@kerala.gov.in

**Website : www.cooperation.kerala.gov.in**

എ.ഇ.എൽ.12273/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 29.2.2020

**സർക്കുലർ നമ്പർ:** 13/20

വിഷയം:- സഹകരണ വകുപ്പ്- പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 സംഘടിപ്പിക്കുന്നത്- ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 16.12.2019 തീയതിയിലെ 54/19 നമ്പർ സർക്കുലർ

2020 ജനുവരി 1 മുതൽ 2020 ഫെബ്രുവരി 29 വരെ നവകേരളീയം കുടിശ്ശിക നിവാരണം 2020 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തുന്നത് സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. പദ്ധതിയുടെ കാലാവധി 31.03.2020 വരെ ദീർഘിപ്പിക്കുന്നു. ഇക്കാര്യത്തിൽ സൂചന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി തുടരേണ്ടതും, ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘം തലത്തിൽ പ്രൊഫോർമ 4- ലും താലൂക്ക് തലത്തിൽ പ്രൊഫോർമ 5- ലും ജില്ലാ തലത്തിൽ പ്രൊഫോർമ 6 - ലും ആർബിട്രേഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 7- ലും എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 8- ലും 31.03.2020 ലെ കണക്ക് പ്രകാരം തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 10.04.2020 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും aelrcs2018@ gmail.com. എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട അപേക്ഷകൾ പ്രൊഫോർമ 9-ൽ സർക്കുലർ മാനദണ്ഡങ്ങൾ പാലിച്ച് പരിശോധന നടത്തി കൃത്യമായ അനുബന്ധ രേഖകൾ സഹിതം അർഹരായവരുടെ പട്ടിക 20.04.2020 നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. സംഘംതല കമ്മിറ്റി/

ജില്ലാതല കമ്മിറ്റി എന്നിവർ അനുവദിച്ചിട്ടുള്ള ഇളവുകൾ സംബന്ധിച്ചുള്ള വിവരം പ്രൊഫോർമ 10-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.പി.കെ.ജയശ്രീ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടേറ്റ്, തിരുവനന്തപുരം.
2) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4) ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6) ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
8) ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ.......................
9) പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം
10) പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
11) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/വാല്യൂവേഷൻ ആഫീസർക്കും

12) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.

13) എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).

14) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/ സെക്ഷനുകൾക്കും.

15) രജിസ്ട്രാറുടെ മേശപ്പുറത്ത്.

16) എഡിറ്റർ, സഹകരണവീഥി, ജേർണൽ(പ്രസിദ്ധീകരണത്തിന്)

17) വെബ് സൈറ്റ്,

18) സ്റ്റോക്ക് ഫയൽ

19) സ്പെയർ

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)